## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **06-12-2022 - ൽ മറുപടിയ്ക്ക്**

## കക്കയത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാൻ അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കക്കയത്തെ കെ.എസ് .ഇ.ബി. -യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടമുണ്ടാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (എ) | കക്കയത്ത് കെ.എസ്.ഇ.ബി-യുടെ സ്ഥലത്ത് പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രം പുതുക്കിപ്പണിയുന്നതിനു വേണ്ടി 48.25 സെന്റ് സ്ഥലം ആവശ്യപ്പെട്ടു കൊണ്ട് ആരോഗ്യ വകുപ്പിൽ നിന്നും സർക്കാർ മുഖാന്തിരം അപേക്ഷ ലഭിച്ചിരുന്നു. അതനുസരിച്ച്, കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നതു ൾപ്പെടെയുള്ള കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥ തയിലുള്ള 48.25 സെന്റ് സ്ഥലം സർക്കാർ നിശ്ചയിക്കുന്ന മാർക്കറ്റ് വില ഈടാക്കിക്കൊണ്ട് ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള അനുമതി കെ.എസ്.ഇ.ബി.എൽ 30.03.2022-ൽ ഉത്തരവാക്കി നൽകി.<br><br>എന്നാൽ, ഇതിന്റെ നടപടിക്രമങ്ങൾ റവന്യൂ പി.ഡബ്ല്യു.ഡി വകുപ്പുകൾ മുഖാന്തിരം സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മാർക്കറ്റ് വില വെവ്വേറെയായി നിശ്ചയിക്കുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ, പുനർനിർമ്മാണ പ്രവർത്ത നങ്ങൾ സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സമയബന്ധി തമായി നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തു ന്നതിനുള്ള പെർമിസ്സീവ് സാങ്ഷൻ നൽകിക്കൊണ്ട് 29.11.2022-ൽ ബോർഡു ത്തരവായിട്ടുണ്ട്. |
| (ബി) | കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കാൻ പെർമിസീവ് സാങ്ഷൻ അനുവദിക്കാത്തത് കാരണം 1.4 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കക്കയത്ത് കെ.എസ്.ഇ.ബി-യുടെ സ്ഥലത്ത് പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രം പുതുക്കിപ്പണിയുന്നതിനു വേണ്ടി 48.25 സെന്റ് സ്ഥലം ആവശ്യപ്പെട്ടു കൊണ്ട് ആരോഗ്യ വകുപ്പിൽ നിന്നും സർക്കാർ മുഖാന്തിരം അപേക്ഷ ലഭിച്ചിരുന്നു. അതനുസരിച്ച്, കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നതു ൾപ്പെടെയുള്ള കെ.എസ്.ഇ.ബി.-യുടെ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥ തയിലുള്ള 48.25 സെന്റ് സ്ഥലം സർക്കാർ നിശ്ചയിക്കുന്ന മാർക്കറ്റ് വില ഈടാക്കിക്കൊണ്ട് ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള അനുമതി കെ.എസ്.ഇ.ബി.എൽ 30.03.2022-ൽ ഉത്തരവാക്കി നൽകി.<br><br>എന്നാൽ, ഇതിന്റെ നടപടിക്രമങ്ങൾ റവന്യൂ പി.ഡബ്ല്യൂ.ഡി വകുപ്പുകൾ മുഖാന്തിരം സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മാർക്കറ്റ് വില വെവ്വേറെയായി നിശ്ചയിക്കുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ, പുനർനിർമ്മാണ പ്രവർത്ത നങ്ങൾ സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സമയബന്ധി തമായി നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തു ന്നതിനുള്ള പെർമിസ്സീവ് സാങ്ഷൻ നൽകിക്കൊണ്ട് 29.11.2022-ൽ ബോർഡു ത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ